**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3897** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുളങ്ങളിലെ മത്സ്യകൃഷി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതു/സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക വഴി കുളങ്ങൾ നികത്തപ്പെടുന്നതും മലിനീകരിക്കപ്പെടുന്നതും ഒഴിവാകുന്നതിനോടൊപ്പം വരുമാനദായകവുമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 'എവിടെല്ലാം ജലാശയം അവിടെല്ലാം മത്സ്യകൃഷി' എന്ന സർക്കാർ ആശയത്തെ പൂർണ്ണമായും പിൻതുണയ്ക്കും വിധം മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കുവാൻ സാധിക്കുന്ന മുഴുവൻ പൊതു/ സ്വകാര്യ കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പരിപാലിച്ച് വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതുകുളങ്ങളിൽ മുൻ വർഷം 786.1 ഹെക്ടർ കുളങ്ങളിൽ കാർപ്പ് തദ്ദേശീയ മത്സ്യങ്ങൾ എന്നിവ നിക്ഷേപിക്കുകയും 230.85 ടൺ മത്സ്യം ഭാഗിക വിളവെടുപ്പിലൂടെ ലഭിക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുളങ്ങൾ നികത്തപ്പെടുന്നതും മലിനീകരിക്കപ്പെടുന്നതും ഒഴിവാക്കാനും വരുമാനം ലഭ്യമാക്കാനും സാധിക്കുന്നതാണ്. |
| (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ പൊതു കുളങ്ങളിലും സ്വകാര്യ കുളങ്ങളിലും സൗജന്യമായി വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | പഞ്ചായത്തുമായി സഹകരിച്ച് ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം പൊതു/സ്വകാര്യ കുളങ്ങളിൽ സെന്റിന് 30 മത്സ്യക്കുഞ്ഞുങ്ങൾ എന്ന നിരക്കിൽ സൗജന്യമായി വിതരണം നടത്തി വരുന്നു. കൈപ്പമംഗലം നിയോജക മണ്ഡലത്തിലുൾപ്പെട്ടു വരുന്ന എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തുരുത്തി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 911കർഷകരുടെ 32.26 ഹെക്ടർ സ്വകാര്യ കുളങ്ങളിൽ 241675 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയും എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, കൈപ്പമംഗലം, എടത്തുരുത്തി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 0.487 ഹെക്ടർ പൊതു കുളങ്ങളിൽ 3630 മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ